III ഇ.ബി. XII-കേരള നിയമസഭ/VI-10

## പന്ത്രണ്ടാം കേരള നിയമസഭ

## ആറാം സമ്മേളനം

## നിയമസഭാ നടപടികളുടെ ചുരുക്കം

## 2007 സെപ്റ്റംബർ 17, തിങ്കൾ

നിയമസഭ രാവിലെ 8.30–ന് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. കെ. രാധാകൃഷ്ണന്റെ അദ്ധ്യക്ഷതയിൽ നിയമസഭാഹാളിൽ യോഗം ചേർന്നു.

### I. ചോദ്യങ്ങൾ

വാങ്മൂലം മറുപടി നൽകാൻ നിശ്ചയിച്ചിരുന്ന ചോദ്യങ്ങളിൽ മൂന്നെണ്ണം (*271,*272, *273) സഭയിൽ ഉന്നയിക്കുകയും *271–ാം നമ്പർ ചോദ്യത്തിന് പട്ടികസമുദായ ക്ഷേമവും ഊർജ്ജവും വകുപ്പുമന്ത്രിയും *272–ാം നമ്പർ ചോദ്യത്തിന് വനവും ഭവന നിർമ്മാണവും വകുപ്പുമന്ത്രിയും *273–ാം നമ്പർ ചോദ്യത്തിന് ഫിഷറീസും രജിസ്ട്രേഷനും വകുപ്പുമന്ത്രിയും മറുപടി നൽകുകയും ചെയ്തു.

### II. അടിയന്തിരപ്രമേയം

സുനാമി ബാധിത പ്രദേശങ്ങളിലെ സ്കൂളുകളുടെ അറ്റകുറ്റപ്പണിക്കും പുതുക്കിപ്പണിക്കുമായി അനുവദിക്കപ്പെട്ട തുക അർഹതയുള്ള തീരദേശ മേഖലകളെ അവഗണിച്ചുകൊണ്ട് അനർഹമായ മറ്റ് മേഖലകൾക്ക് നൽകിയ തിനെതിരെയും സുനാമി ഫണ്ട് വിനിയോഗിക്കുന്നതിൽ അർഹരായവരെ ഒഴിവാക്കി അനർഹരായവർക്കു നൽകുന്നതിലും വർക്കുകൾ ഏറ്റെടുത്ത്

നടത്താൻ കാലതാമസം വരുത്തുന്നതിലും പ്രതിഷേധിച്ച് ഇന്ന് ആലപ്പുഴ കളക്ടറേറ്റ് ഉപരോധവും നാളെ കോൺഗ്രസ്സിന്റെ ആഭിമുഖ്യത്തിൽ തീരദേശ ഹർത്താലും നടക്കുകയാണ്. ഗുരുതരമായ ഈ സ്ഥിതിവിശേഷത്തെക്കുറിച്ച് സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണമെന്നാവശ്യപ്പെട്ട് ശ്രീ കെ. സി. വേണുഗോപാലും മറ്റ് നാലംഗങ്ങളും നൽകിയ അടിയന്തിരപ്രമേയ നോട്ടീസിന് റവന്യൂ വകുപ്പുമന്ത്രി നൽകിയ വിശദീകരണത്തിന്റെ അടിസ്ഥാനത്തിൽ ബഹുമാനപ്പെട്ട സ്പീക്കർ അവതരണാനുമതി നിഷേധിച്ചു.

അടിയന്തിര പ്രമേയത്തിന് അവതരണാനുമതി നിഷേധിച്ചതിൽ പ്രതിഷേധിച്ച് സർവ്വശ്രീ ഉമ്മൻ ചാണ്ടി, സി. എഫ്. തോമസ്, സി. ടി. അഹമ്മദ് അലി എന്നീ പ്രതിപക്ഷ കക്ഷി നേതാക്കൻമാർ പ്രസ്താവന നടത്തിയതിനുശേഷം അവരവരുടെ പാർട്ടി അംഗങ്ങളോടൊപ്പം സഭവിട്ട് പുറത്തുപോകുകയും അൽപ്പസമയത്തിനുശേഷം വീണ്ടും സഭയിൽ ഹാജരാകുകയും ചെയ്തു.

## III. **ശ്രദ്ധ ക്ഷണിക്കൽ**

1. സംസ്ഥാനത്തെ അഞ്ച് മുനിസിപ്പൽ കോർപ്പറേഷനുകൾക്കും ബാധകമാകത്തക്കവിധത്തിൽ ഒരു ആസൂത്രിത നഗരവികസന പദ്ധതി ആവിഷ്ക്കരിച്ച് നടപ്പിലാക്കേണ്ടതിന്റെ ആവശ്യകത സംബന്ധിച്ച് ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ ഉന്നയിച്ച ശ്രദ്ധ ക്ഷണിക്കലിന് തദ്ദേശ സ്വയംഭരണവും ഗ്രാമവികസനവും വകുപ്പുമന്ത്രിക്കുവേണ്ടി ധനകാര്യ വകുപ്പുമന്ത്രി മറുപടി നൽകി.

2. സംസ്ഥാനത്തെ കർഷകർക്ക് പെൻഷനും മറ്റ് സഹായങ്ങളും നൽകാൻ പര്യാപ്തമായ ഒരു പുതിയ ക്ഷേമപദ്ധതി നടപ്പിലാക്കേണ്ടതിന്റെ ആവശ്യകത സംബന്ധിച്ച് ശ്രീ. പി. കൃഷ്ണപ്രസാദ് ഉന്നയിച്ച ശ്രദ്ധ ക്ഷണിക്കലിന് കൃഷി വകുപ്പുമന്ത്രി മറുപടി നൽകി.

## IV. സബ്മിഷൻ

1. കോഴിക്കോട് ഐ.ടി. പാർക്ക് സ്ഥാപിക്കേണ്ടതിന്റെ ആവശ്യകത സംബന്ധിച്ച് ശ്രീ. എ. പ്രദീപ് കുമാർ ഉന്നയിച്ച സബ്മിഷന് മുഖ്യമന്ത്രി മറുപടി നൽകി.
2. വഴിക്കടവ് നാടുകാണിച്ചുരം പിളർന്നതുമൂലം ഉളവായിട്ടുള്ള പ്രശ്നങ്ങൾ സംബന്ധിച്ച് ശ്രീ. ആര്യാടൻ മുഹമ്മദ് ഉന്നയിച്ച സബ്മിഷന് മുഖ്യമന്ത്രി മറുപടി നൽകി.
3. തിരുവനന്തപുരത്തെ പാളയം കണ്ണിമാറ മാർക്കറ്റ് നവീകരണം സംബന്ധിച്ച് ശ്രീ. വി. ശിവൻകുട്ടി ഉന്നയിച്ച സബ്മിഷന് ഫിഷറീസും രജിസ്ട്രേഷനും വകുപ്പുമന്ത്രി മറുപടി നൽകി.
4. നാഷണൽ റൂറൽ ഹെൽത്ത് മിഷൻ ആവിഷ്ക്കരിച്ചിട്ടുള്ള പദ്ധതികൾ ആരംഭിക്കേണ്ടതിന്റെ ആവശ്യകത സംബന്ധിച്ച് ശ്രീ. വി. കെ. ഇബ്രാഹിംകുഞ്ഞ് ഉന്നയിച്ച സബ്മിഷന് ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി മറുപടി നൽകി.

5. കാർഷിക വായ്പാ വിതരണത്തിലെ ക്രമക്കേടുകൾ സംബന്ധിച്ച് ശ്രീ. എം. വി. ശ്രേയാംസ്കുമാർ ഉന്നയിച്ച സബ്മിഷന് സഹകരണവും കയറും ദേവസ്വവും വകുപ്പുമന്ത്രി മറുപടി നൽകി.

6. ഹോസ്ദുർഗ്ഗ് മണ്ഡലത്തിൽ റവന്യൂ ഭൂമി 'ആശാപുര' കമ്പനിക്ക് ഖനനത്തിനുവേണ്ടി പതിച്ചുനൽകുന്നത് സംബന്ധിച്ച് ശ്രീ. പള്ളിപ്രം ബാലൻ ഉന്നയിച്ച സബ്മിഷന് വ്യവസായ വകുപ്പുമന്ത്രി മറുപടി നൽകി.

7. പൂട്ടിക്കിടക്കുന്ന തോട്ടങ്ങൾ സർക്കാർ ഏറ്റെടുക്കേണ്ടതിന്റെ ആവശ്യകത സംബന്ധിച്ച് ശ്രീമതി ഇ. എസ്. ബിജി മോൾ ഉന്നയിച്ച സബ്മിഷന് തൊഴിലും എക്സൈസും വകുപ്പുമന്ത്രി മറുപടി നൽകി.

8. 12.09.2007-ലെ സുപ്രീംകോടതി വിധിയുടെ അടിസ്ഥാനത്തിൽ പാഠപുസ്തക മാറ്റവുമായി ബന്ധപ്പെട്ട് ഹയർസെക്കണ്ടറി വിദ്യാഭ്യാസ മേഖലയിൽ ഉണ്ടായിട്ടുള്ള പ്രതിസന്ധി സംബന്ധിച്ച് ശ്രീ. പി. സി. വിഷ്ണുനാഥ് ഉന്നയിച്ച സബ്മിഷന് വിദ്യാഭ്യാസവും സാംസ്ക്കാരിക കാര്യവും വകുപ്പുമന്ത്രി മറുപടി നൽകി.

9. ദേവികുളം മണ്ഡലത്തിൽ പ്രാദേശിക വികസന ഫണ്ട് ചെലവഴിക്കുന്നതിൽ കാലതാമസം വരുന്നത് സംബന്ധിച്ച് ശ്രീ. എസ്. രാജേന്ദ്രൻ ഉന്നയിച്ച സബ്മിഷന് ധനകാര്യ വകുപ്പുമന്ത്രി മറുപടി നൽകി.

10. നൂറനാട്, താമരക്കുളം പഞ്ചായത്തുകളിൽ നടന്ന കൊലപാതകങ്ങൾ സംബന്ധിച്ച് ശ്രീ. കെ. കെ. ഷാജു ഉന്നയിച്ച സബ്മിഷന് ആഭ്യന്തരവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി മറുപടി നൽകി.

11. സ്പിരിറ്റ് ലോബിയുടെ ആക്രമണം സംബന്ധിച്ച് ശ്രീ. എ. എം. യൂസഫ് ഉന്നയിച്ച സബ്മിഷന് ആഭ്യന്തരവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി മറുപടി നൽകി.

12. പാരിസ്ഥിതികമായി ദുർബ്ബലപ്പെട്ടതും അന്യാധീനപ്പെട്ടതുമായ ഭൂമി കയ്യേറ്റങ്ങളെ സംബന്ധിച്ച് സമഗ്രമായ അന്വേഷണം നടത്തേണ്ടതിന്റെ ആവശ്യകതയിലേയ്ക്ക് പ്രതിപക്ഷനേതാവ് ശ്രീ. ഉമ്മൻചാണ്ടി ഉന്നയിച്ച സബ്മിഷന് മുഖ്യമന്ത്രി മറുപടി നൽകി.

മുഖ്യമന്ത്രിയുടെ മറുപടി തൃപ്തികരമല്ലാത്തതിൽ പ്രതിഷേധിച്ച് സർവ്വശ്രീ തിരുവഞ്ചൂർ രാധാകൃഷ്ണൻ, ജോസഫ് എം. പുതുശ്ശേരി, കെ. ബി. ഗണേഷ് കുമാർ, യു. സി. രാമൻ, കെ. കെ. ഷാജു എന്നീ അംഗങ്ങൾ നിയമസഭാ കവാടത്തിൽ അനിശ്ചിതകാല നിരാഹാര സമരം നടത്തുന്നതാണെന്നും മറ്റുള്ളവർ സഭാ നടപടികളിൽ സഹകരിക്കുമെന്നും പ്രതിപക്ഷ നേതാവ് ശ്രീ. ഉമ്മൻ ചാണ്ടി പ്രസ്താവിച്ചതിനുശേഷം പ്രതിപക്ഷം ഒന്നടങ്കം സഭവിട്ടു പുറത്തുപോവുകയും അൽപ്പസമയത്തിനുശേഷം സഭയിൽ ഹാജരാവുകയും ചെയ്തു.

## V. റിപ്പോർട്ട് സമർപ്പണം

പബ്ളിക് അക്കൗണ്ട്സ് കമ്മിറ്റിയുടെ മുപ്പത്തിയേഴ് മുതൽ നാൽപ്പത്തിനാല് വരെയുള്ള റിപ്പോർട്ടുകൾ സമർപ്പിക്കപ്പെട്ടു.

## VI. നിയമനിർമ്മാണ കാര്യം

1. **<u>സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്തപ്രകാരമുള്ള ബില്ലുകളുടെ പരിഗണനയും അനന്തരഘട്ടങ്ങളും</u>**

**<u>2007-ലെ കേരള സാമൂഹ്യവിരുദ്ധ പ്രവർത്തനങ്ങൾ (തടയൽ) ബിൽ</u>**

സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്തപ്രകാരമുള്ള 2007-ലെ കേരള സാമൂഹ്യവിരുദ്ധ പ്രവർത്തനങ്ങൾ (തടയൽ) ബിൽ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയം ആഭ്യന്തരവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി അവതരിപ്പിച്ചു.

ഭക്ഷ്യവും സിവിൽ സപ്ളൈസും മൃഗസംരക്ഷണവും വകുപ്പുമന്ത്രി പ്രമേയത്തെ പിന്താങ്ങി.

സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്തപ്രകാരമുള്ള 2007-ലെ കേരള സാമൂഹ്യവിരുദ്ധ പ്രവർത്തനങ്ങൾ (തടയൽ) ബിൽ പൊതുജനാഭിപ്രായം നേടുന്നതിനായി സർക്കുലേറ്റ് ചെയ്യണമെന്ന ഭേദഗതി അവതരിപ്പിച്ചുകൊണ്ട് ശ്രീ. വി. ശശികുമാർ സംസാരിച്ചു.

ശ്രീ. സി. ടി. അഹമ്മദ് അലി, പ്രൊഫ. കെ. വി. തോമസ് എന്നീ അംഗങ്ങളും സംസാരിച്ചു.

ആഭ്യന്തരവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി മറുപടി പറഞ്ഞു.

ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിക്കപ്പെട്ടു.

ബിൽ സഭ പരിഗണനയ്ക്കെടുത്തു.

ബില്ലിന്റെ വകുപ്പുതിരിച്ചുള്ള പരിഗണനാവേളയിൽ ആഭ്യന്തരവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി അവതരിപ്പിച്ച ഔദ്യോഗിക ഭേദഗതികളും വാക്കാൽ ഭേദഗതികളും അംഗങ്ങൾ അവതരിപ്പിച്ച ചില ഭേദഗതികളും സഭ അംഗീകരിച്ചു.

2007-ലെ കേരള സാമൂഹ്യവിരുദ്ധ പ്രവർത്തനങ്ങൾ (തടയൽ) ബിൽ പാസ്സാക്കണമെന്ന പ്രമേയം ആഭ്യന്തരവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി അവതരിപ്പിച്ചു.

ഗതാഗതവും, പ്രിന്റിംഗും സ്റ്റേഷനറിയും വകുപ്പുമന്ത്രി പ്രമേയത്തെ പിന്താങ്ങി.

ബില്ലിന്റെ മൂന്നാം വായനയിൽ ശ്രീ. കെ. ബാബു സംസാരിക്കുകയും ആഭ്യന്തരവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി മറുപടി പറയുകയും ചെയ്തു.

സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്തപ്രകാരമുള്ള 2007-ലെ കേരള സാമൂഹ്യവിരുദ്ധ പ്രവർത്തനങ്ങൾ (തടയൽ) ബിൽ പാസ്സാക്കണമെന്ന പ്രമേയം സഭ അംഗീകരിക്കുകയും ബിൽ ഐകകണ്ഠ്യേന പാസ്സാക്കുകയും ചെയ്തു.

**2. കേരള പബ്ളിക്ക് സർവ്വീസ് കമ്മിഷൻ (ദേവസ്വം ബോർഡുകളുടെ കീഴിലുള്ള അഡ്മിനിസ്ട്രേറ്റീവ് സർവ്വീസുകളെ സംബന്ധിച്ച കൂടുതൽ ചുമതലകൾ) ബിൽ, 2007-ന്റെ അവതരണവും സബ്ജക്ട് കമ്മിറ്റിക്ക് അയയ്ക്കണമെന്ന പ്രമേയവും.**

സഹകരണവും കയറും ദേവസ്വവും വകുപ്പുമന്ത്രി 2007-ലെ കേരള പബ്ളിക് സർവ്വീസ് കമ്മിഷൻ (ദേവസ്വം ബോർഡുകളുടെ കീഴിലുള്ള

അഡ്മിനിസ്ട്രേറ്റീവ് സർവ്വീസുകളെ സംബന്ധിച്ച കൂടുതൽ ചുമതലകൾ) ബില്ലും പ്രസ്തുത ബിൽ ആഭ്യന്തര കാര്യങ്ങൾ എന്ന X-ാം നമ്പർ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന പ്രമേയവും അവതരിപ്പിച്ചു.

ഗതാഗതവും, പ്രിന്റിംഗും സ്റ്റേഷനറിയും വകുപ്പുമന്ത്രി പ്രമേയത്തെ പിന്താങ്ങി.

ശ്രീ. പി. എം. എ. സലാം 2007-ലെ കേരള പബ്ളിക് സർവ്വീസ് കമ്മിഷൻ (ദേവസ്വം ബോർഡുകളുടെ കീഴിലുള്ള അഡ്മിനിസ്ട്രേറ്റീവ് സർവ്വീസുകളെ സംബന്ധിച്ച കൂടുതൽ ചുമതലകൾ) ബിൽ പൊതുജനാഭിപ്രായം ആരായുന്നതിനായി 29-09-2007 വരെ സർക്കുലേറ്റ് ചെയ്യണമെന്ന ഭേദഗതി അവതരിപ്പിച്ചുകൊണ്ടും ശ്രീ. വി. ശിവൻകുട്ടി പ്രസ്തുത ബിൽ ഒരു സെലക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന ഭേദഗതി അവതരിപ്പിച്ചുകൊണ്ടും സംസാരിച്ചു.

ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി ചർച്ചയിൽ പങ്കെടുത്തുകൊണ്ട് സംസാരിച്ചു.

മന്ത്രിയുടെ മറുപടിക്കുശേഷം ഭേദഗതികൾ നിരാകരിക്കപ്പെടുകയോ സഭയുടെ അനുമതിയോടെ പിൻവലിക്കപ്പെടുകയോ ചെയ്തു.

2007-ലെ കേരള പബ്ളിക് സർവ്വീസ് കമ്മിഷൻ (ദേവസ്വം ബോർഡുകളുടെ കീഴിലുള്ള അഡ്മിനിസ്ട്രേറ്റീവ് സർവ്വീസുകളെ സംബന്ധിച്ച കൂടുതൽ ചുമതലകൾ) ബിൽ ആഭ്യന്തര കാര്യങ്ങൾ സംബന്ധിച്ച X-ാം നമ്പർ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക്

അയയ്ക്കണമെന്ന പ്രമേയം സഭ അംഗീകരിക്കുകയും ബിൽ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കുകയും ചെയ്തു.

(3) **<u>സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്തപ്രകാരമുള്ള ബില്ലുകളുടെ പരിഗണനയും അനന്തരഘട്ടങ്ങളും</u>**

**<u>2007-ലെ കേരള വനിതാ കമ്മീഷൻ (ഭേദഗതി) ബിൽ</u>**

സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട്ചെയ്തപ്രകാരമുള്ള 2007-ലെ കേരള വനിതാ കമ്മീഷൻ (ഭേദഗതി) ബിൽ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയം ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി അവതരിപ്പിച്ചു.

പട്ടികസമുദായക്ഷേമവും ഊർജ്ജവും വകുപ്പുമന്ത്രി പ്രമേയത്തെ പിന്താങ്ങി.

സർവ്വശ്രീ എ. പി. അനിൽ കുമാർ, എം. മുരളി, എം. ഉമ്മർ, പി. സി. വിഷ്ണുനാഥ്, റോഷി അഗസ്റ്റിൻ എന്നീ അംഗങ്ങൾ വിയോജിപ്പ് രേഖപ്പെടുത്തിക്കൊണ്ട് സംസാരിച്ചു.

സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട്ചെയ്തപ്രകാരമുള്ള 2007-ലെ കേരള വനിതാ കമ്മീഷൻ (ഭേദഗതി) ബിൽ പൊതുജനാഭിപ്രായം നേടുന്നതിനായി സർക്കുലേറ്റ് ചെയ്യണമെന്ന ഭേദഗതി ശ്രീ. വി. എൻ. വാസവനും ബിൽ വീണ്ടും അതേ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന ഭേദഗതി ശ്രീമതി ജെ. അരുന്ധതിയും അവതരിപ്പിച്ചുകൊണ്ട് സംസാരിച്ചു.

മന്ത്രിയുടെ മറുപടിക്കുശേഷം ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിക്കപ്പെട്ടു.

ബിൽ സഭ പരിഗണനയ്ക്കെടുത്തു.

ബില്ലിന്റെ വകുപ്പുതിരിച്ചുള്ള പരിഗണനാവേളയിൽ ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി അവതരിപ്പിച്ച 129-ാം നമ്പർ ഔദ്യോഗിക ഭേദഗതി സഭ അംഗീകരിച്ചു.

2007-ലെ കേരള വനിതാ കമ്മീഷൻ (ഭേദഗതി) ബിൽ പാസ്സാക്കണമെന്ന പ്രമേയം ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി അവതരിപ്പിച്ചു.

ഭക്ഷ്യവും സിവിൽ സപ്ളൈസും മൃഗസംരക്ഷണവും വകുപ്പുമന്ത്രി പിന്താങ്ങി.

ബില്ലിന്റെ മൂന്നാം വായനയിൽ ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി മറുപടി പറഞ്ഞു.

സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2007-ലെ കേരള വനിതാ കമ്മീഷൻ (ഭേദഗതി) ബിൽ പാസ്സാക്കണമെന്ന പ്രമേയം സഭ അംഗീകരിക്കുകയും ബിൽ ഐകകണ്ഠ്യേന പാസ്സാക്കുകയും ചെയ്തു.

സെലക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയച്ച 2007-ലെ മത്സ്യത്തൊഴിലാളി കടാശ്വാസ കമ്മീഷൻ ബില്ലിന്റെ സെലക്ട് കമ്മറ്റിയിൽ പ്രൊഫ. കെ. വി. തോമസ്, ശ്രീ. കെ. വി. കുഞ്ഞിരാമൻ എന്നീ അംഗങ്ങളെക്കൂടി ഉൾപ്പെടുത്തണമെന്ന് നിയമവും പാർലമെന്ററികാര്യവും സ്പോർട്ട്സും യുവജനക്ഷേമവും തുറമുഖവും വകുപ്പുമന്ത്രി നിർദ്ദേശിക്കുകയും പ്രസ്തുത നിർദ്ദേശം സഭ അംഗീകരിക്കുകയും ചെയ്തു.

2007 സെപ്റ്റംബർ 18-ാം തീയതി ചൊവ്വാഴ്ച രാവിലെ 8.30-ന് വീണ്ടും സമ്മേളിക്കുന്നതിനായി സഭ വൈകുന്നേരം 6.05-ന് പിരിഞ്ഞു.

-----